**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 421** **10-02-2025 - ൽ മറുപടിയ്ക്ക്**

**കിഫ്ബി പദ്ധതികളിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് കിഫ്ബി നടപ്പിലാക്കി വരുന്ന പ്രോജക്ടുകളിൽ പുതിയ പ്രോജക്ടുകൾ പരിഗണിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | പുതിയ പദ്ധതികൾ കിഫ്ബി പദ്ധതിയായി ഏറ്റെടുക്കുന്നത് പ്രസ്തുത പ്രവൃത്തി കിഫ്ബി പദ്ധതിയായി സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയോ ക്യാബിനറ്റിൽ അംഗീകാരം ലഭ്യമാക്കുന്നതിന്റെയോ അടിസ്ഥാനത്തിലാണ്. അതിനു ശേഷം പദ്ധതി നിർവഹണ ഏജൻസിയെ നിശ്ചയിച്ച സർക്കാരിൽ നിന്നും ഭരണാനുമതി ലഭ്യമാക്കുന്നതിനെ തുടർന്ന് പ്രസ്തുത ഏജൻസി പദ്ധതിയുടെ DPR കിഫ്ബിയിൽ സമർപ്പിക്കുകയും ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി മാത്രമാണ് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിച്ചുവരുന്നത്. |
| (ബി) | മണ്ണന്തല - പൗഡിക്കോണം - ശ്രീകാര്യം മാതൃകാ റോഡിന്റെ രണ്ടാം റീച്ചായ പൗഡിക്കോണം - ശ്രീകാര്യം റോഡിന്റെ ഭൂമി ഏറ്റെടുക്കലിന് ആവശ്യമായ തുക കൈമാറുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | മണ്ണന്തല പൗഡിക്കോണം റോഡ് വികസനം റീച്ച് 1-ന് 41.86 കോടി രൂപയുടെയും റീച്ച് 2 ന് 32.10 കോടി രൂപയുടെയും സാമ്പത്തികാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. കെ ആർ എഫ് ബി യാണ് പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി. ടി റീച്ചുകളുടെ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് അധിക തുക ലഭ്യമാക്കുന്നതിയതിനായി കിഫ്ബിയിലേക്ക് കെ ആർ എഫ് ബി സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 14-03-2024 നു 138.27 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകുകയും ചെയ്തു. തുടർന്ന് റീച്ച് 1 ന്റെ ഭൂമി ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് 137.69 കോടി രൂപ നഷ്ട പരിഹാരമായി കിഫ്ബിയിൽ നിന്നും കെ ആർ എഫ് ബി ക്കു നൽകുകയും കെ ആർ എഫ് ബി അത് L A യൂണിറ്റിന് കൈമാറുകയും ചെയ്തിട്ടുണ്ട്. റീച്ച് 1 -ന്റെ LA പ്രവൃത്തികൾ പൂർത്തീകരണ വേളയിൽ ആയതിനാൽ റോഡ് നിർമ്മാണ പ്രവൃത്തിയുടെയും, utility shifting |

| | | | |
|---|---|---|---|
| | | | ഉം ഉൾപ്പെടുത്തി 182.42 കോടി രൂപയുടെ പുതുക്കിയ പ്രൊപ്പോസൽ കിഫ്ബിയിൽ 02.08.2024 -ൽ കെ ആർ എഫ് ബി സമർപ്പിച്ചു. തദവസരത്തിൽ റീച്ച് 2 -ന്റെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുകയുടെ വിശദാംശം കളക്ടറേറ്റിൽ നിന്നും കെ ആർ എഫ് ബി ക്കു ലഭ്യമായിരുന്നില്ല. ആയതിനാൽ സമർപ്പിച്ച പ്രൊപ്പോസലിൽ പ്രസ്തുത തുക ഉൾപ്പെടുത്തിയിരുന്നില്ല. പ്രസ്തുത പ്രൊപ്പോസൽ 22.10.2024 തീയതിയിൽ അധിക വിശദീകരണത്തിനായി കിഫ്ബി കെ ആർ എഫ് ബി ക്കു തിരികെ നൽകിയിട്ടുണ്ട്. എന്നാൽ കിഫ്ബി ആവശ്യപ്പെട്ട KWA-യുടെ utility shifting എസ്റ്റിമേറ്റ് ഇനിയും ലഭ്യമാകാത്തതിനാൽ പ്രൊപ്പോസൽ കെ ആർ എഫ് ബി തിരികെ സമർപ്പിട്ടില്ല. മണ്ണന്തല പൗഡിക്കോണം റീച്ച് 2 ഭൂമി ഏറ്റെടുക്കുന്നതിനായി 100.87 കോടി രൂപ അനുവദിയ്ക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടു ജില്ലാ കളക്ടർ 25.11.2024 തീയതിയിൽ കെ ആർ എഫ് ബി ക്കു കത്ത് നൽകിയിട്ടുണ്ട്. എന്നാൽ 12% വർധനവ് കാലാവധി നീട്ടിയതിന്റെ അടിസ്ഥാനത്തിൽ റീച്ച് 2 നു നഷ്ടപരിഹാര തുക 101.77 കോടി രൂപയായി പുനർ നിശ്ചയിച്ചു കൊണ്ടും റീച്ച് 1 നു 4.69 കോടി രൂപ അധികമായി ആവശ്യപ്പെട്ടുകൊണ്ടും പൊന്നും വില അധികാരി കെ ആർ എഫ് ബി എക്സിക്യൂട്ടീവ് എഞ്ചിനീയർക്കു 27-01-2025 നു കത്ത് നൽകിയിട്ടുണ്ട്. പുതുക്കിയ KWA-യുടെ utility shifting എസ്റ്റിമേറ്റ് ലഭിയ്ക്കുന്ന മുറയ്ക്ക് റീച്ച് 2 ന്റെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക ലഭ്യമാക്കുന്നതിനായി കിഫ്ബിയിലേക്ക് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതാണെന്നു കെ ആർ എഫ് ബി അറിയിച്ചിട്ടുണ്ട്. പുതുക്കിയ സാമ്പത്തികാനുമതിക്കുള്ള പ്രൊപ്പോസൽ കെ ആർ എഫ് ബി സമർപ്പിക്കുന്ന മുറക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പുതുക്കിയ ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |
| (സി) | സമയബന്ധിതമായി പ്രസ്തുത തുക കൈമാറുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ; | (സി) | മണ്ണന്തല പൗഡിക്കോണം റോഡ് വികസനം റീച്ച് 1-ന് 41.86 കോടി രൂപയുടെയും റീച്ച് 2 ന് 32.10 കോടി രൂപയുടെയും സാമ്പത്തികാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. കെ ആർ എഫ് ബി യാണ് പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി. ടി റീച്ചുകളുടെ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് അധിക തുക ലഭ്യമാക്കുന്നതിയതിനായി കിഫ്ബിയിലേക്ക് കെ ആർ എഫ് ബി സമർപ്പിച്ച |

പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 14-03-2024 നു 138.27 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകുകയും ചെയ്തു. തുടർന്ന് റീച്ച് 1 ന്റെ ഭൂമി ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് 137.69 കോടി രൂപ നഷ്ട പരിഹാരമായി കിഫ്ബിയിൽ നിന്നും കെ ആർ എഫ് ബി ക്കു നൽകുകയും കെ ആർ എഫ് ബി അത് L A യൂണിറ്റിന് കൈമാറുകയും ചെയ്തിട്ടുണ്ട്. റീച്ച് 1 -ന്റെ LA പ്രവൃത്തികൾ പൂർത്തീകരണ വേളയിൽ ആയതിനാൽ റോഡ് നിർമ്മാണ പ്രവൃത്തിയുടെയും, utility shifting ഉം ഉൾപ്പെടുത്തി 182.42 കോടി രൂപയുടെ പുതുക്കിയ പ്രൊപ്പോസൽ കിഫ്ബിയിൽ 02.08.2024 -ൽ കെ ആർ എഫ് ബി സമർപ്പിച്ചു. തദവസരത്തിൽ റീച്ച് 2 -ന്റെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുകയുടെ വിശദാംശം കളക്ടറേറ്റിൽ നിന്നും കെ ആർ എഫ് ബി ക്കു ലഭ്യമായിരുന്നില്ല. ആയതിനാൽ സമർപ്പിച്ച പ്രൊപ്പോസലിൽ പ്രസ്തുത തുക ഉൾപ്പെടുത്തിയിരുന്നില്ല. പ്രസ്തുത പ്രൊപ്പോസൽ 22.10.2024 തീയതിയിൽ അധിക വിശദീകരണത്തിനായി കിഫ്ബി കെ ആർ എഫ് ബി ക്കു തിരികെ നൽകിയിട്ടുണ്ട്. എന്നാൽ കിഫ്ബി ആവശ്യപ്പെട്ട KWA-യുടെ utility shifting എസ്റ്റിമേറ്റ് ഇനിയും ലഭ്യമാകാത്തതിനാൽ പ്രൊപ്പോസൽ കെ ആർ എഫ് ബി തിരികെ സമർപ്പിട്ടില്ല. മണ്ണന്തല പൗഡിക്കോണം റീച്ച് 2 ഭൂമി ഏറ്റെടുക്കുന്നതിനായി 100.87 കോടി രൂപ അനുവദിയ്ക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടു ജില്ലാ കളക്ടർ 25.11.2024 തീയതിയിൽ കെ ആർ എഫ് ബി ക്കു കത്ത് നൽകിയിട്ടുണ്ട്. എന്നാൽ 12% വർധനവ് കാലാവധി നീട്ടിയതിന്റെ അടിസ്ഥാനത്തിൽ റീച്ച് 2 നു നഷ്ടപരിഹാര തുക 101.77 കോടി രൂപയായി പുനർ നിശ്ചയിച്ചു കൊണ്ടും റീച്ച് 1 നു 4.69 കോടി രൂപ അധികമായി ആവശ്യപ്പെട്ടുകൊണ്ടും പൊന്നും വില അധികാരി കെ ആർ എഫ് ബി എക്സിക്യൂട്ടീവ് എഞ്ചിനീയർക്കു 27-01-2025 നു കത്ത് നൽകിയിട്ടുണ്ട്. പുതുക്കിയ KWA-യുടെ utility shifting എസ്റ്റിമേറ്റ് ലഭിയ്ക്കുന്ന മുറയ്ക്ക് റീച്ച് 2 ന്റെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക ലഭ്യമാക്കുന്നതിനായി കിഫ്ബിയിലേക്ക് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതാണെന്നു കെ ആർ എഫ് ബി അറിയിച്ചിട്ടുണ്ട്. പുതുക്കിയ സാമ്പത്തികാനുമതിക്കുള്ള പ്രൊപ്പോസൽ കെ ആർ എഫ് ബി സമർപ്പിക്കുന്ന മുറക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പുതുക്കിയ

| | | | |
|---|---|---|---|
| | | | ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |
| (ഡി) | കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്നതിലെ കാലതാമസം ഒഴിവാക്കി സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ? | (ഡി) | വിവിധ കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽനടപടികളിലെ കാല താമസം,സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും അനുമതികൾ ലഭ്യമാക്കുന്നതിനുണ്ടാകുന്ന കാല താമസം, കേസുകൾ , തദ്ദേശവാസികളിൽ നിന്നുള്ള എതിർപ്പ് തുടങ്ങിയവയാണ് പ്രധാനമായും പദ്ധതികൾ വൈകുന്നതിന് കാരണമായി കണ്ടുവരുന്നത്. പ്രശ്നങ്ങൾ കാണുന്ന പക്ഷം അവ പരിഹരിച്ച് പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട പദ്ധതി നിർവഹണ ഏജൻസികൾ, ബഹുമാന്യരായ നിയമസഭാ സാമാജികർ, ഭരണ വകുപ്പ്, പദ്ധതി ആവശ്യപ്പെടുന്ന തരത്തിൽ ഉള്ള മറ്റു ഏജൻസികൾ, പദ്ധതി ബാധിതർ/ ഉപയോക്താക്കൾ, കരാറുകാർ തുടങ്ങിയവരെ ഉൾപ്പെടുത്തി കിഫ്ബി , ഭരണ വകുപ്പ് തലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ